## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 358 30.11.2015-ൽ മറുപടിക്ക്

### അങ്കമാലി ബസ്സ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിലെ കെട്ടിടലേലം

ചോദ്യം

ശ്രീ. ജോസ് തെറ്റയിൽ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.റ്റി.ഡി.എസ്.സി - കെ.എസ്.ആർ.ടി.സി സംയുക്ത സംരംഭവും കേരളത്തിലെ പൈലറ്റ് പ്രോജക്ടുമായി പ്രവർത്തനമാരംഭിച്ച അങ്കമാലി ബസ്സ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | അങ്കമാലി ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള അറ്റകുറ്റപ്പണികൾ പരിഹരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിലെ എത്ര സ്ഥലം ഇനിയും ലേലത്തിൽ പോകേണ്ടതായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | ഏകദേശം 68 ശതമാനത്തോളം സ്ഥലം ഇനിയും പോകേണ്ടതായിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥലം ലേലത്തിൽ പോകുവാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (സി) | നിരന്തരമായി ടെൻഡറുകൾ ക്ഷണിച്ചിരുന്നു. Single യൂണിറ്റുകളായും ചെറിയ യൂണിറ്റുകളായും മാർക്കറ്റ് ചെയ്യാനും ശ്രമിച്ചിരുന്നു. |
| (ഡി) | സ്ഥലങ്ങൾ ലേലത്തിൽ പോയ ഇനത്തിൽ ലഭ്യമായിട്ടുള്ള വരുമാനത്തിന്റെ കണക്ക് വെളിപ്പെടുത്തുമോ; | (ഡി) | സ്ഥലം ലേലത്തിൽ പോയതിൽ സെക്യൂരിറ്റി ഡിപ്പോസിറ്റ് ഇനത്തിൽ 1,17,26,352 രൂപ ലഭിച്ചിട്ടുണ്ട്. ചെലവ് കഴിച്ച് സെപ്റ്റംബർ 30 വരെ വരുമാനം 282 ലക്ഷം രൂപയാണ്. നിലവിൽ ലഭ്യമാകുന്ന മാസവാടക 14.77.596 രൂപയുമാണ്. |

| | | | |
|---|---|---|---|
| (ഇ) | അങ്കമാലി ടൗണിലെ സമീപപ്രദേശങ്ങളിൽ ഇത്രയും സൗകര്യം ഇല്ലാത്തതും ജനബാഹുല്യമില്ലാത്തതുമായ പ്രദേശങ്ങളിൽ പണിത ഷോപ്പിംഗ് കോംപ്ലക്സുകൾ വരെ വാടകയ്ക്കും വിൽപനയ്ക്കും സുഗമമായി പോയിട്ടും പ്രസ്തുത കോംപ്ലക്സിലെ സ്ഥലം ലേലത്തിന് പോകാത്തതിനെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | (ഇ) | സമീപ പ്രദേശങ്ങളിലെ കോംപ്ലക്സുകളിൽ താരതമ്യേന കുറഞ്ഞ വാടകയും അനുപാതിക സെക്യൂരിറ്റി ഡിപ്പോസിറ്റും ആണ്. സർക്കാരിന്റെ സ്ഥലം വാടകയ്ക്ക് നൽകുന്നതിനു പാലിക്കേണ്ട നിയമപരമായ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ അനുവദിക്കുവാൻ നിർവ്വാഹമുള്ളൂ. |
| (എഫ്) | പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (എഫ്) | കെ.റ്റി.ഡി.എഫ്.സി മിനിമം വാടകയും സെക്യൂരിറ്റി ഡിപ്പോസിറ്റും നിശ്ചയിക്കാതെ ആവശ്യക്കാരുടെ ഓഫറുകൾ ക്ഷണിച്ച് അതിൽനിന്നും വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിക്കാൻ തീരുമാനിച്ചു. അതിൻ പ്രകാരം ടെൻഡറുകൾ ക്ഷണിച്ച് മേൽ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ